## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2983** — **21.08.2017 ൽ മറുപടിയ്ക്ക്**

# നാളികേര കൃഷി വികസനത്തിന് കർമ്മ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ. റോജി എം. ജോൺ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് നാളികേര കൃഷി വികസിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | എ) 2017 ചിങ്ങം 1 മുതൽ 2018 ചിങ്ങം 1 വരെയുള്ള ഒരു വർഷക്കാലം നാളികേര വർഷമായി ആചരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ കാലയളവിൽ നാളികേരത്തിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്.<br>സംസ്ഥാനത്ത് നാളികേര കൃഷി വികസിപ്പിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1) നാളികേരത്തിന്റെ ഉല്പാദനവും, ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കാനായി സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും, അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര നാളികേര വികസനത്തിനായി 'കേരഗ്രാമം' എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2017-18 വർഷം നടപ്പിലാക്കുന്നു.<br>3332.50 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ ഈ കൊല്ലം പദ്ധതിയ്ക്കായി നീക്കി വച്ചിരിയ്ക്കുന്നത്. ശാസ്ത്രീയ കൃഷി രീതികൾ അവലംബിച്ച് കൃഷി ചിലവുകൾ ക്രമീകരിച്ചുകൊണ്ട് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ ഉതകുന്ന ഘടകങ്ങൾ എല്ലാം തന്നെ സമഗ്ര നാളികേര വികസനത്തിനായുള്ള ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>2) അത്യുൽപാദന ശേഷിയുള്ള കുറിയ ഇനം തെങ്ങുകളുടെ ശാസ്ത്രീയ കൃഷി |

പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 50 സെന്റ് വീതമുള്ള 1025 (205 ഹെക്ടർ) പ്രദർശനതോട്ടങ്ങൾ കർഷകരുടെ തോട്ടങ്ങളിൽ സ്ഥാപിക്കുന്നതിനും 104 പ്രദർശനതോട്ടങ്ങൾ (20.8 ഹെക്ടർ) കൃഷി വകുപ്പ് ഫാമുകളിൽ സ്ഥാപിക്കുന്നതിനുമായി 567.50 ലക്ഷം രൂപ വാർഷിക പദ്ധതിയിൽ ബഡ്ജറ്റ് വിഹിതമായി ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

3) കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമായി സഹകരിച്ച് നാളികേര വികസനത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുവാൻ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

4) തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾക്കെതിരെ പ്രതിരോധ മാർഗ്ഗങ്ങളും ക്യാമ്പയിനുകളും പ്രോജക്ട് അടിസ്ഥാനത്തിൽ അവലംബിക്കുന്നതിനായി 300 ലക്ഷം രൂപ 2017-18 വർഷം വകകൊള്ളിച്ചിട്ടുണ്ട്.

കൂടാതെ കൃഷി വകുപ്പ് മുഖേന നാളികേര വികസന ബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. SCSP/TSP മേഖലകളിൽ തെങ്ങ് പ്രദർശനത്തോട്ടം സ്ഥാപിക്കൽ :
സംയോജിത വിള പരിപാലന മുറകൾ അവലംബിച്ച് തെങ്ങിന്റെ പ്രദർശന തോട്ടങ്ങൾ ഒരുക്കുന്നതിന് ഒരു ഹെക്ടറിന് 35,000/- രൂപ നിരക്കിൽ 100 ശതമാനം ആനുകൂല്യം SC/ST വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് തുല്യ വാർഷിക ഗഡുക്കളായി ലഭിക്കുന്നതാണ്.

2. തെങ്ങിൻ തോട്ടങ്ങളുടെ പുനരുജ്ജീവനവും, രോഗം ബാധിച്ചതും ഉത്പാദന ക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റി രോഗപ്രതിരോധ ശേഷിയുള്ള പുതിയ തൈ നടുന്ന പദ്ധതി :
രോഗം ബാധിച്ചതും ഉത്പാദന ക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റുന്നതിന് ഒരു തെങ്ങിന് 1,000/- രൂപ നഷ്ടപരിഹാരം ലഭിക്കുന്നതാണ്.

സംയോജിത വിള പരിപാലന മുറകൾ അവലംബിച്ച് തെങ്ങിൻ തോട്ടങ്ങളുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ നടത്തുന്നതിന് 25% സബ്സിഡി നിരക്കിൽ ഒരു ഹെക്ടറിന് 17,500/- രൂപയുടെ ആനുകൂല്യം രണ്ട് തുല്യവാർഷിക ഗഡുക്കളായി ലഭിക്കുന്നതാണ്.

ഗുണനിലവാരമുള്ള തെങ്ങിൻ തൈകൾ പുതുതായി നടുന്നതിന് 50% നിരക്കിൽ ഒരു തൈക്ക് പരമാവധി 40/- രൂപയുടെ ആനുകൂല്യം ലഭിക്കുന്നതാണ്.

3. കൂടാതെ പ്രാദേശിക തെങ്ങിൻ തൈ ഉല്പാദന കേന്ദ്രത്തിന്റെ പ്രവർത്തനത്തിനായി 48 ലക്ഷം രൂപയും കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി പ്രകാരം 5 ലക്ഷം രൂപയും 50:50 ആനുപാതത്തിൽ നാളികേര വികസന ബോർഡിന്റെ വിഹിതമായി അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| ബി) ആരുടെയെല്ലാം സേവനങ്ങൾ ഇതിനായി പ്രയോജനപ്പെടുത്തിയെന്നു വിശദമാക്കുമോ; | ബി) 2017-18 വർഷത്തെ നാളികേര വികസനത്തിനായുള്ള സംസ്ഥാനാവിഷ്കൃതവും കേന്ദ്രാവിഷ്കൃതവുമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ കൃഷി വകുപ്പിന്റെയും കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെയും നാളികേര വികസന ബോർഡിന്റെയും സേവനങ്ങൾ പ്രയോജനപ്പെടുത്തുകയുണ്ടായി. |
| സി) പദ്ധതി നടത്തിപ്പുമൂലം ഈ മേഖലയിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാനായെന്നു വെളിപ്പെടുത്തുമോ? | സി) നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുവാനായി സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലുമാണ് "കേരഗ്രാമം" ഉൾപ്പെടെയുള്ള സമഗ്ര നാളികേര വികസന പദ്ധതികൾ കൊണ്ട് ലക്ഷ്യമിടുന്നത്.<br>2017-18 വർഷത്തെ പദ്ധതികളുടെ നടത്തിപ്പ് പ്രാരംഭ ഘട്ടത്തിലായതിനാൽ പദ്ധതി നടത്തിപ്പ മൂലം ഈ മേഖലയിൽ ഉണ്ടായ നേട്ടങ്ങൾ വിലയിരുത്തുവാനായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**